# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .4900

04.07.2012-ൽ മറുപടിക്ക്

### മണ്ണെണ്ണ ആവശ്യമുള്ള മത്സ്യത്തൊഴിലാളികളുടെ സെൻസസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മണ്ണെണ്ണ ആവശ്യമുള്ള മത്സ്യത്തൊഴിലാളികളുടെ സെൻസസ് ശേഖരിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന കേന്ദ്രമന്ത്രി ശ്രീ. കെ. വി.തോമസിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതേത്തുടർന്ന് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (ബി) | മത്സ്യത്തൊഴിലാളികൾ മത്സ്യ ബന്ധനത്തിനായി ഉപയോഗിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വരുന്ന മണ്ണെണ്ണയുടെ തോത് തിട്ടപ്പെടുത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെ തീരദേശ മേഖല കേന്ദ്രീകരിച്ച് **17-06-12** ന് ഔട്ട് ബോർഡ് മോട്ടോറുകളുടെ ഏകദിന സംയുക്ത പരിശോധന നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും കാലവർഷം തുടങ്ങിയ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പരിശോധന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കേണ്ടി വന്നു. സംയുക്ത പരിശോധന നടത്താൻ തുടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ